<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1486</u> <u>07-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ലാൻഡ് ബോർഡുകൾ സ്ഥാപിച്ച് മിച്ചഭൂമി കേസുകൾ തീർപ്പാക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് താലൂക്ക് ലാൻഡ് ബോർഡുകൾക്ക് പകരം സോണൽ ലാൻഡ് ബോർഡുകൾ സ്ഥാപിച്ച് സർക്കാർ ഉത്തരവ് ആയിട്ടുണ്ടോ; എങ്കിൽ എത്ര സോണുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള 78 താലൂക്ക് ലാൻഡ് ബോർഡുകളെ 4 സോണുകളായി തിരിച്ച് ഓരോ സോണിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡെപ്യൂട്ടി കളക്ടർമാരെ ലാൻഡ് ബോർഡ് ചെയർമാൻമാരായി നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സോണൽ ലാൻഡ് ബോർഡുകൾക്ക് പകരം ഓരോ ജില്ലയ്ക്കും പ്രത്യേക ലാൻഡ് ബോർഡുകൾ സ്ഥാപിച്ചു മിച്ചഭൂമി കേസുകൾ തീർപ്പാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ